# കേസരി

('കേസരി' എ. ബാലകൃഷ്ണപിള്ള അവർകളുടെ
ഷഷ്ട്യബ്ദപൂർത്തി ഘട്ടത്തിൽ, 1124 – ൽ എഴുതിയത്.)

അലയടിച്ചീടുന്നു മലയാളക്കരയിലി–
ക്കളഗാന,മിരുളാണ്ട പാതിരാവിൽ:
''....തെളിമഞ്ഞുടുപ്പിട്ടു നാകത്തെച്ചുംബിച്ചു
നിലകൊള്ളും സഹ്യന്റെ താഴ്വരയിൽ,
അറബിക്കടലിന്റെ കരയി,ലപ്പറവൂരി,–
ലൊരു മുക്കി,ലൊരു മൂകമന്ദിരത്തിൽ,
തെളിവെള്ളത്താടിയിലംഗുലി പായിച്ചും,
ഒളിവിതറും കണ്ണടയിൽ ദൃഷ്ടി നട്ടും,
ഒരു കൊച്ചു ചാരുകസേരയി,ലൊരു നേർത്ത
നരരൂപം മലനാടേ, കണ്ടുവോ നീ?
അഴകില്ല, വിത്തപ്രതാപമില്ലൊ,രു നേർത്ത
നരരൂപം മലനാടേ, കണ്ടുവോ നീ?...''

2

അലയടിച്ചീടുന്നു മലയാളക്കരയിലി–
ക്കളഗാന,മിരുളാണ്ട പാതിരാവിൽ:
''... 'പണിചെയ്തു പശിതിന്നും പടയാളി നേടുന്ന
പരിപൂർണ്ണശോഭമാം കാല്യകാലം
വരവായീ വരവായെ'ന്നുച്ചത്തിൽ ക്കൂവിക്കൊ–
ണ്ടറിയിയ്ക്കും നല്ല പൂങ്കോഴിപോലെ,
'അഴലിന്റെ കൂരിരുളകലണ,മുന്മേഷം
വഴിയണം തുടുതുടെക്കവിളി'ലേവം
കനിവാർന്നു നിദ്രാനിലീനമാമുലകിന്റെ
കരളിങ്കൽച്ചുംബിയ്ക്കും കവികണക്കെ,
ഒരുകാലം നിന്നെക്കുലുക്കിയുണർത്താനീ
നരരൂപം മലനാടേ, വന്നു മുന്നം...''

3

അലയടിച്ചീടുന്നു മലയാളക്കരയിലി
ക്കളഗാന,മിരുളാണ്ടപാതിരാവിൽ:
''....അധികാരദംഭത്താലധികപ്രസംഗത്താ,–
ലവനീശസിംഹാസനത്തിലേറി,
പൊതുജനരക്തത്തിൽ,പ്പൊതുജനമാംസത്തിൽ–
ക്കൊതിമൂത്ത ചെന്നായ്ക്കൾ കൂത്തടിയ്ക്കെ,
അവ നീട്ടും തല കൂർത്തു വളവാർന്ന കിംശുക–
ച്ഛവിചിന്നും ദംഷ്ട്രകളാകമാനം
പടമന്നിൽത്തല്ലിക്കൊഴിച്ചു പണ്ടീ വെള്ള–
സ്സടപൂണ്ട കേരളകേസരീന്ദ്രൻ;
സ്ഫുടമിന്നും കാണാം തഴമ്പു കൈവെള്ളയിൽ,
വടു വീണു കാണാമാ മെയ്യിലാകെ...''

4

അലയടിച്ചീടുന്നു മലയാളക്കരയിലി–
ക്കളഗാന,മിരുളാണ്ട പാതിരാവിൽ:
‘‘...കരിയുന്തിത്താഴ്ത്തും സഖാക്കളേ, നിങ്ങൾക്കാ–
യറുപതാണ്ടമലമാം ഹൃദയരക്തം
മടിയാതെ തേവിത്തന്നരുളിയോനാണിന്നാ
മറവിയിൽക്കുടികൊള്ളും സ്നേഹമൂർത്തി.
മെഷിനുന്തിനീക്കും സഖാക്കളേ, നിങ്ങൾക്കാ–
യിരവും പകലും തന്നസ്ഥികളാൽ
തളരാതെ ചക്രം തിരിച്ചവനാം തമോ–
വലയത്തിൽ വാഴുമാദ്ധീരശിൽപ്പി
ജര വന്നാലെന്തുള്ളൂ, നര വന്നാലെന്തുള്ളൂ,
ഒരു യുവാവെന്നും യുവാവുതന്നെ!...’’

**5**

അലയടിച്ചീടുന്നൂ മലയാളക്കരയിലി–
ക്കളഗാന,മിരുളാണ്ട പാതിരാവിൽ:
‘‘...പതിതരേ, നിങ്ങൾതൻപേരിൽത്തുടിയ്ക്കുമാ–
പ്പടയാളിതൻ കരൾക്കൂട്ടിൽ നോക്കൂ–
വിരിവാനിലാദർശപരിശുദ്ധി ചൊരിയുന്ന
ചിരിതൂകും തൈജസഗോളകങ്ങൾ
ഒരുമിച്ചു മേളിപ്പൂ, തെളിയിപ്പൂ നെടുനീളെ
നരനുള്ള ഭാവിതൻ രാജമാർഗ്ഗം;
പുളകം പുതയ്ക്കുന്നു ചെറുമണൽത്തരികളും
പുതുപുൽക്കൊടികളുമാപ്രഭയിൽ;
കുളിർകാറ്റു വീശുന്നു; കുഡ്മളം വിരിയുന്നു;
കുയിലിന്റെ കണ്ഠം തെളിഞ്ഞിടുന്നു.....’’

**6**

അലയടിച്ചീടുന്നു മലയാളക്കരയിലി–
ക്കളഗാന,മിരുളാണ്ട പാതിരാവിൽ:
‘‘...അനുഭവത്തിരതല്ലുമതലാന്തികാബ്ധിക–
ളറിയപ്പെടാതുണ്ടതിൽക്കിടപ്പൂ;
അവഗണിയ്ക്കപ്പെട്ടു നിൽപ്പതുണ്ടതിനുള്ളി–
ലറിവിന്റെ ഹിമവൽക്കൊടുമുടികൾ;
അതിലുണ്ടധിക്ഷിപ്തവിപ്ലവജ്വാലക–
ളുതിരും വെസൂവിയസ്പ്പർവ്വതങ്ങൾ.
ഒരു പത്തു നൂറ്റാണ്ടു മുന്നിൽക്കാലൂന്നിനി–
ന്നിരുപതാംനൂറ്റാണ്ടിലതു ലസിപ്പൂ!
ഇതുവരേയ്ക്കതു കാണാൻ കഴിയാത്ത ദുഃഖത്തി–
ലിനിയൊന്നു പൊട്ടിക്കരയണേ നീ....’’

**7**

അലയടിച്ചീടുന്നു മലയാളക്കരയിലി–
ക്കളഗാന,മിരുളാണ്ട പാതിരാവിൽ;
ഒടുവിലഗ്ഗാനപ്രവാഹം നിലയ്ക്കുന്നു;
ഞൊടി മൂകമൂകം കനത്തു നിൽപ്പൂ
കവി പൂർവ്വദിങ്മുഖത്തുയരുന്നു; പൂങ്കോഴി
കളകൂജനങ്ങളുതിർത്തിടുന്നു.

ഉയരുന്നു മില്ലിലെച്ചൂളങ്ങൾ, വയലിങ്ക–
ലൂഴുതിടും കൃഷകന്റെ താരനാദം.
ഒരു ചോദ്യചിഹ്നമാമമ്പിളിക്കല വാനിൻ
ചെരിവിലേയ്ക്കൊളിമങ്ങിത്താണുപോയി;
അരുണാഭ പൂവിട്ടു സഹ്യന്റെ സാനുവിൽ:
അഭിനവമൊരുദിനം  പൊങ്ങിവന്നു!

# മരിച്ചപ്പോൾ

(സുപ്രസിദ്ധകവി ശ്രീ: ഒളപ്പമണ്ണയുടെ 'റബ്ബർ വൈഫ്' എന്ന കവിത വായിച്ചപ്പോഴാണ് ഇതെഴുതാനുള്ള പ്രചോദനം കിട്ടിയത്.)

'പെണ്ണിനെക്കണ്ടുകൂടാത്ത പപ്പേട്ടൻ' മരിച്ചപ്പോൾ
കണ്ണുനീരുതിർത്തില്ല ദേശക്കാരാരും തന്നെ

ഏവരും നിലക്കൊണ്ടൂ കൺകളിലത്യാശ്ചര്യ–
ഭാവമാർന്നധരത്തിൽ പുഞ്ചിരിപ്പൊടിപ്പോടെ:

എങ്ങിനെ ചത്തൂ വിദ്വാനിത്രപെട്ടെന്നേ! പാവം,
വിങ്ങുകയാവും 'റബ്ബർവൈഫി'ന്റെ കരളിപ്പോൾ!

2

ആലോചിച്ചാലോചിച്ചു ചിരിച്ചൂ ചങ്ങാതിമാ–
രാ വിദ്വാൻ ജീവിയ്ക്കുമ്പോളുണ്ടായ ജാതിത്തങ്ങൾ:

എട്ടുനാഴികപ്പൊട്ടനുദിച്ചീടണമെങ്കിൽ,
ഞെട്ടണം പപ്പേട്ടന്റെ കുരയാൽ ദിഗന്തങ്ങൾ;

കാക്ക കൂവണമെങ്കിൽ, കുടലിൽപ്പപ്പേട്ടന്നു
ചീർക്കണംചുടുചായ തേവിയ നവോന്മേഷം;

പ്രാതസ്നാനത്താൽ, ചളി പാതിപോക്കിയ മെയ്യിൽ
പ്രാകൃതങ്ങളാം ഭസ്മത്രിപുണ്ഡ്രങ്ങളും ചാർത്തി,

അമ്പലമുറ്റത്തങ്ങോരെത്തണം, നാമം ചൊല്ലി–
യമ്പതു വലംവെച്ചു പിരടി നിവർത്തണം

വാരിയത്തുനിന്നെമ്പ്രാന്തിരിയും, തന്നെപ്പുൽകും
വാരിദഖണ്ഡത്തിൽനിന്നർക്കനുമെഴുന്നേൽക്കാൻ.

പെട്ടെന്നശ്ശാന്തിക്കാരൻ കുളത്തിൽച്ചാടിത്തേക്കു–
കൊട്ടപോലൊരു കുളി കുളിച്ചു വരും നേരം

പപ്പേട്ടന്നൊരു പത്തു വാചകം പറയണം;
അപ്പൊഴേ തേവാരങ്ങളവസാനിക്കൂ നേരെ:

''വാരസ്യാരുടെ ചൂലാച്ചന്തിയിൽക്കൊള്ളും വരെ
മൂരിനീർത്തില്ലീ വിദ്വാൻ, എന്തുകാട്ടെമ്പ്രാനപ്പാ!...''

ഉടനെത്തീടും വാരസ്യാരൊടാണൊടുക്കത്തെ:
''തുടരാം ശൃംഗാരങ്ങൾ; ഞാനൊഴിച്ചേയ്ക്കാം വേഗം.''

അങ്ങിനെ ചിലച്ചുംകൊണ്ടിറങ്ങിപ്പോകും തന്ത,
ചങ്ങലപൊട്ടിച്ചോടും വിഷനായിനെപ്പോലെ!

3

ആലോചിച്ചാലോചിച്ചു ചിരിച്ചൂ ചങ്ങാതിമാ–
രാ വിദ്വാൻ ജീവിയ്ക്കുമ്പോളുണ്ടായ ജാതിത്തങ്ങൾ:

വേറൊരാളില്ലാ വീട്ടിൽ വെയ്ക്കാനും വിളമ്പാനും;
ആരൊടു ചേരും വെറി കേറിയ മുള്ളൻപന്നി!

നഗരത്തിലേയ്ക്കങ്ങോരിറങ്ങിത്തിരിയ്ക്കുമ്പോ–
ളരികെക്കൂവിപ്പറന്നെത്തിടും പിള്ളേരൊക്കെ.

ചെരിച്ച ജലകുംഭം പോലവേ, കുടുകുടെ–
ച്ചിരിയ്ക്കു,മിതപറ്റി കുണുങ്ങും തരുണികൾ.

കുട്ടികളൊരാളപ്പോൾ കഷണ്ടിത്തല കാണും:
''കെട്ടിട്ടില്ലിനിയുമിപ്പൊള്ളാച്ചി മത്തൻ,കേട്ടോ!''

മറ്റൊരു വീരൻ കൂട്ടിച്ചേർത്തിടും:''നോക്കൂ ചെവി–
ക്കുറ്റിയെ– വെള്ളപ്പൂപ്പു കയറീ മത്തങ്ങയ്ക്കും!''

മിണ്ടുമാറില്ലാ മിയ്ക്കവാറുമാ മിണ്ടാപ്പൂതം,
മിണ്ടിയാലാട്ടേ, ചീറ്റിയാർത്തിടും ഗജം പോലെ!

'നായിന്റെ മോ' നാണേതു കുട്ടിയും പിന്നീടേ,തു
നാരിയും 'പുലയാടി'യാണയാളുടെ നാവിൽ!

4

ആലോചിച്ചാലോചിച്ചു ചിരിച്ചൂ ചങ്ങാതിമാ–
രാ വിദ്വാൻ ജീവിയ്ക്കുമ്പോളുണ്ടായ ജാതിത്തങ്ങൾ:

'റബ്ബർ വൈഫി'നെക്കൊണ്ടുവന്നതും, കണ്ടോരെല്ലാ–
മത്ഭുതം കൂറിച്ചിരിച്ചാർത്തതും മറ്റും മറ്റും.

അദ്ദേശത്താർക്കുംതന്നെ വരവില്ലയാളെക്കാൾ,
അദ്ദേശത്തയാളെക്കാൾ ച്ചെലവുണ്ടെല്ലാവർക്കും.

നാട്ടുകാരൂഹിയ്ക്കുന്നൂ: പഹയൻ നിധി കുറെ–
പ്പൂഴ്ത്തിയിട്ടുണ്ടാത്തൊടിയ്ക്കുള്ളിലെപ്പാമ്പിൻകാവിൽ,

ഈയിടെപ്പണിതീർത്ത ചിത്രകൂടത്തിന്നുള്ളി–
ലാവണം, പവനാവും, വെച്ചിട്ടുണ്ടെന്തോ ലക്കൻ!

ചോദിച്ചാലയ്യോ, പച്ചപ്പാവമാണെന്നേ തോന്നൂ;
പൂതത്താനായിത്തീരുമിരവിൽപ്പുള്ളിക്കാരൻ!

'പെണ്ണെ'ന്നു ചങ്ങാതിമാരോതുകി,ലകലത്തു
കണ്ണുനട്ടെന്തോ കിണഞ്ഞാലോചിയ്ക്കുകയാവും.

''പണമുണ്ടായിട്ടെന്തെ,''ന്നൊരുത്തനാരംഭിയ്ക്കും,
'ഗുണമില്ലൊരുത്തിയെക്കെട്ടാഞ്ഞാലൊരുത്തർക്കും.''

ചങ്ങാതി തുള്ളിച്ചാടും: ''എവിടേ പണം? തന്റെ
പെങ്ങളെക്കെട്ടാനെന്നാലാവില്ലാ; കഴിഞ്ഞില്ലേ''?

ആരാനും കുറച്ചൊന്നു ശിങ്കിടിപാടീടുകി–

ലാവർത്തിച്ചാവർത്തിച്ചാസ്സംഗീതമലക്കൊള്ളും:

‘‘കുത്തിയിരിപ്പൂ മൂത്ത മുരിങ്ങക്കായ്കൾക്കൊപ്പം
മുത്തിക്കന്യകൾ വീടാം വീടുകൾക്കകത്തൊക്കെ;

ആങ്ങളമാരായ്ക്കുറെക്കോന്തന്മാ, രാണിൻ നിഴൽ
നീങ്ങിടുന്നതു നോക്കിപ്പിടിയ്ക്കാൻ വഴിയ്ക്കൊക്കെ;

എന്തൊരു മഹാപാപമാണിതു! കാശുണ്ടായാൽ,
സുന്ദരനായിപ്പോയാൽ, കുഴങ്ങീ പുരുഷന്മാർ!’’

അങ്ങിനെയിരിയ്ക്കുമ്പോളല്ലയോ സമ്പാദിച്ചൂ
ചങ്ങാതിയൊരു ‘റബ്ബർവൈഫി’നെസ്സൗകര്യത്തിൽ!

**5**

ആലോചിച്ചാലോചിച്ചു ചിരിയ്ക്കും ചങ്ങാതിമാ–
രാ വിദ്വാൻ മരിച്ചേടത്തെത്തിനാരവസാനം.

**6**

ചിതയിലെഴും പച്ചമാവിന്റെ വിറകിലും
പടിഞ്ഞാറാകാശത്തും തീയാളിപ്പിടിച്ചപ്പോൾ,

ശവസംസ്കാരം തീർത്തുവന്നെത്തീ പാമ്പിൻകാവി–
ലവരൊക്കെയും, ചിത്രകൂടത്തിൻ സവിധത്തിൽ.

ചിരിയില്ലപ്പോളാർക്കും, കളിയുമില്ലാ, മൂക–
മരണഗൃഹംപോലേ ഭീകരമായീ രംഗം

അന്ധകാരവും ചിന്തീ, വേവുന്ന നരമാംസ–
ഗന്ധവും, ആകെത്തീഷ്ണതീഷ്ണമായ്ത്തീർന്നൂ രംഗം.

പുറകിലാളും ചോരജ്വാലകൾമൂലം മുന്നിൽ–
പ്പുളയും ഛായാരാജിതാണ്ഡവമുതിർക്കുമ്പോൾ,

ഭീതിക,ളാശങ്കകാളാധിക,ളുൽകണ്ഠക–
ളാടിനിൽക്കുന്നൂ കാഴ്ചക്കാരുടെ മുഖത്തൊക്കെ!

പൊട്ടുന്നൂ, തെറിയ്ക്കുന്നൂ, ചുടലക്കളത്തിൽനി –
ന്നൊട്ടൊട്ടു കഴിയുമ്പോൾ അസ്ഥികളാവാം പക്ഷേ!

വൃക്ഷശാഖകളെന്തോ ചലിപ്പൂ, പുകയേറ്റു
പക്ഷികൾ ചിറകടിച്ചീടുകയാവാ, മല്ലി!

‘‘കടന്നൂ നേരം, ചിത്രകൂടത്തെ നീക്കംചെയ്യാൻ
കരുത്താർക്കുണ്ടെ?–’’ ന്നൊരു ചോദ്യമന്നേരം പൊങ്ങി

പ്രേതങ്ങ,ളഹോ വിഷപ്പാമ്പുകൾ, നിധികാക്കും
ഭൂതങ്ങൾ!.... എന്തോ, ഞെട്ടിത്തെറിച്ചാരവരൊക്കെ!

സൂക്ഷിച്ചു സൂക്ഷിച്ചേവമെന്തിനാണവരെല്ലാ–
മീക്ഷിപ്പൂ കാൽക്കീഴിലേയ്ക്ക,കലേയ്ക്ക,ടുത്തേയ്ക്കും!

കാഞ്ചനതധ്വണൽകാരം! എവിടുന്നാണീ രാത്രി
കാഞ്ചനതധ്വണൽകാരം? കേൾപ്പതുണ്ടെങ്ങോ ദൂരെ!

ആശക,ളതിരമ്യഭാവനാവിശേഷങ്ങൾ;

വാശിക,ളജയ്യാത്മപൗരുഷാഹങ്കാരങ്ങൾ!

പെട്ടെന്നാ നിഴലെന്തേ ചലിയ്ക്കാൻ? ഓടിച്ചെന്നു
തട്ടിമാറ്റുന്നൂ ചിത്രകൂടത്തെയൊരാളൂക്കിൽ.

ചങ്കിലൊരത്യുഗ്രമാം രോദനം കുതറുന്നു
ശങ്കിതന്മാരായ്ക്കണ്ടുനില്പവർക്കെല്ലാമപ്പോൾ.

ഒടുവിലതാ, ചിത്രകൂടത്തിൻ താഴത്തുള്ള
കുടവും വഹിച്ചുകൊണ്ടെത്തുന്നൂ ധീരോദാത്തൻ!

ആലിലപോലേ കോരിത്തരിയ്ക്കില്ലാരാരപ്പോൾ;
ഹാലിളകില്ലാർക്കാ;-ർക്കു തലചുറ്റില്ലാപിന്നെ?

കനകം, കിലുങ്ങുന്ന കനകം, തിളങ്ങുന്ന
കനകം! കൂവിപ്പോയീ കൂട്ടരൊന്നത്യുച്ചത്തിൽ!

**7**

അക്ഷമരവർ പക്ഷേ, കണ്ടതാക്കുടത്തിങ്ക-
ലക്ഷരാവലി തിങ്ങും ചെമ്പോലച്ചുരുൾമാത്രം:

''ലോകമേ, വിടനൽകൂ; ഞാനിതാ, വിഷം കുടി-
ച്ചാകുലമാമീ മാംസബന്ധനം തകർക്കട്ടെ!

അവസാനത്തേതാമീ നിമിഷംവരെ നിന-
ക്കരിയായ്ജ്ജീവിച്ചൂ ഞാനെന്റെ നിർഭാഗ്യത്താലേ!

പണത്തെ സ്നേഹത്തോടെസ്സേവിച്ചൂ, പൂജിച്ചൂ ഞാൻ
പിണത്തെക്കാളും വൃത്തികെട്ടവനായിത്തീരാൻ.

വെറുത്തൂ വിവാഹം ഞാൻ; റബ്ബർപ്പിണ്ഡത്തിൽത്തല്ലി-
യമർത്തൂ കാമാർത്തി ഞാൻ; നിഷ്ഠൂര,നാഭാസൻ ഞാൻ!

ഹനിച്ചൂ, സർഗ്ഗാകാംക്ഷ തുടിയ്ക്കും പരകോടി
മനുഷ്യബീജങ്ങളെ നിർദ്ദയൻ, ഹാ ഞാൻ നീചൻ!

ജരയും നരയും വന്നൊന്നിനും കൊള്ളാതായ്ഞാൻ!
കരയാനാളില്ലാ,രുമിന്നു ഞാൻ മരിച്ചെങ്കിൽ!

ഗർഭവും ധരിച്ചില്ല, പെറ്റതുമില്ലാ രൂക്ഷ-
ദുർഗ്ഗന്ധം പരത്തുന്ന മൽപ്രിയ, റബ്ബർപ്പിണ്ഡം!

അടിതെറ്റി ഞാൻ വീഴാം   നാളെയോ മറ്റന്നാളോ
വഴിയിൽ ആരുണ്ടപ്പോളെടുത്തു ശുശ്രൂഷിപ്പാൻ!

ലോകമേ വിടനൽകൂ: വിഷപാനത്താൽച്ചത്തു
പോകട്ടെ ഞാനിന്നെ,ന്റേതൊക്കെയും നശിയ്ക്കട്ടെ!...''

**8**

വായനതീർന്നൂ, വെറുമസ്ഥിശേഷനായ്മാറീ
വാർദ്ധകപരിക്ലിഷ്ടൻ പപ്പേട്ടനപ്പോഴേയ്ക്കും.

അന്ധരായ്ദ്ദത്തശ്രദ്ധം നിലവായിരുന്നവ-
രെന്തിനോ മിഴിനീരിലാണ്ടുപോയറിയാതെ.

പാതിരാക്കുയിലിന്റെ ദുസ്സഹലോലാലാപ-
വീചികളിഴഞ്ഞിഴഞ്ഞൊഴുകീ വിഹായസ്സിൽ.

# തമ്പുരാൻകുട്ടി

ഭൂതലത്തിങ്കൽപ്പണ്ടുപണ്ടു ഞാൻ
ജാതനായ പുലരിയിൽ

ഭക്തിപൂർവ്വം പറഞ്ഞുപോലെന്നിൽ
സക്തിയാളുമടിമകൾ:

‘‘തമ്പുരാൻകുട്ടി നമ്മുടെ ജന്മി–
ത്തമ്പുരാൻകുട്ടിയാണിവൻ.’’

അൽപ്പവും ഞാനറിഞ്ഞതില്ലതി–
നർത്ഥമെന്താണെന്നെ,ങ്കിലും,

ആലശീല കവിഞ്ഞപോലന്നു
കാലടിച്ചുകരഞ്ഞുപോൽ!

**2**

നാളുകൾ,വീണ്ടും നാളുകൾ; തീർന്നി–
താറു കുള്ളന്മാരാണ്ടുകൾ,

പുല്ലിനുള്ള വിയർപ്പുമാലകൾ
ഫുല്ലഹർഷം പൊഴിയ്ക്കുമ്പോൾ,

ചെന്നു തട്ടിപ്പറിയ്ക്കയാണതി–
പ്പൊന്നിലാണ്ട പകലവൻ.

പിച്ചവെച്ചു ഞാനെത്തി മുറ്റത്തെ–
പ്പിച്ചകപ്പൂ പറിയ്ക്കുവാൻ;

എന്നരയിൽക്കിലുങ്ങി താളത്തിൽ–
പ്പൊന്നിൻകിങ്ങിണിക്കൂട്ടങ്ങൾ.

പൂവിറുക്കുവാൻ കൈയണയ്ക്കവേ,
താവി പിന്നിലൊരാരവം:

‘‘തമ്പുരാൻകുട്ടി– നമ്മുടെ ജന്മി–
ത്തമ്പുരാൻകുട്ടിയാണിവൻ.’’

ഞാനുടനെത്തിരിഞ്ഞു; മുന്നിലായ്–
ക്കാണുമാറായിരുവരെ:

രണ്ടുപേരും വരുന്നതച്ഛനെ–
ക്കണ്ടുപോകുവാനാവണം!

ഞാനുടനെക്കടന്നു വാദിച്ചു
വേണുവിൻ കളഭാഷയിൽ:

‘‘തമ്പുരാൻകുട്ടിയല്ലെ,ന്നച്ഛന്റെ
‘തങ്ക’മാണു ഞാൻ കൂട്ടരേ!’’

പുഞ്ചിരിതൂകിയേക,നന്യനോ
കൊഞ്ചിയെന്നോടു ചൊല്ലിനാൻ:

‘‘‘തങ്ക’മാകിലും ഞങ്ങടെയൊക്കെ–
ത്തമ്പുരാൻകുട്ടിയാണു നീ.

നീ വളർന്നൊരു കേമനാവണം;
നീളെപ്പേരു പരത്തണം;

‘കേളു’വിനെക്കുടിയിറക്കണം;
ചാള തീയിലെരിയ്ക്കണം;

തൊട്ടുകൂടാ കരിത്തലപ്പു നീ:
നട്ടുകൂടാ നീയൊന്നുമേ;

അന്യരക്തം കുടിച്ചു കൂത്താടി
നിന്നുകൊള്ളണമെന്നും നീ;

അന്യമാംസം പറിച്ചെടുത്തു നീ
തിന്നലറി നടക്കണം;

വായ പൊത്തും ശവങ്ങൾതൻ മധ്യേ
വായുമുട്ടിപ്പൊറുക്കണം;

നീ വളർന്നൊരു കേമനാവണം;
നീളെപ്പേരു പരത്തണം.

‘തങ്ക’മാകിലും ഞങ്ങടെയൊക്കെ–
ത്തമ്പുരാൻകുട്ടിയാണു നീ.’’

**3**

അന്നു നേരം കറുത്തിടുംവരെ
നിന്നു ഹൃത്തിലിച്ചിന്തകൾ;

തമ്പുരാൻകുട്ടി – കാലനാമൊരു
തമ്പുരാൻകുട്ടിയാണു ഞാൻ!

ഉള്ളതെല്ലാം മറന്നുകൊണ്ടു ഞാ–
നല്ലിലൊറ്റയ്ക്കുറങ്ങുമ്പോൾ

ഭക്തിപൂർവ്വം പറകയാണെന്നിൽ
സക്തിയാളുമടിമകൾ:

‘‘തമ്പുരാൻകുട്ടി   നമ്മുടെ ജന്മി–
ത്തമ്പുരാൻകുട്ടിയാണിവൻ.’’

ഹന്ത, ഞെട്ടിക്കരഞ്ഞലറി ഞാ–
നന്ധമൂകമാം യാമത്തിൽ!

അത്രമാത്രം പകയ്ക്കയും ചെയ്താ–
രച്ഛനമ്മമാരാകവേ:

‘‘കണ്ടിടേണം പണിക്കരെ;ക്കുഞ്ഞി–
നുണ്ടു ദേവതോപദ്രവം!’’

**4**

എത്ര രാശിക്കാ,രെത്ര മണ്ണാന്മാ,–
രെത്ര മാന്ത്രികശ്രേഷ്ഠരും

എത്തീലുള്ളം പഴുത്തീലന്നെ,ന്നിൽ–
ച്ചിത്തശാന്തി വരുത്തുവാൻ;

എന്നെ ബാധിച്ച 'ശക്തി'കളെല്ലാ-
മെന്നെന്നേയ്ക്കുമകറ്റുവാൻ!

പാഴൂരിൽപ്പോയി പ്രശ്നം വെപ്പിച്ചു
പാദചാരിയാമെന്നച്ഛൻ;

കല്ലൂരിനാൽ ബലിക്കളയിച്ചു,
കണ്ട ദോഷമകലുവാൻ.

മണ്ഡലമാകെക്കാട്ടുമാടത്തെ-
ക്കൊണ്ടൊരു തിലഹോമവും,

ചാത്തർനായർ കുറിയ്ക്കുമാറുള്ള
ചാർത്തിൽക്കാണും ചികിത്സയും-

ചെയ്തിടാതെയില്ലെന്മനസ്സുഖം
കൊയ്തെടുപ്പതിനൊന്നുമേ.

രക്തചന്ദനം പൂശി, മാന്ത്രിക
രക്ഷ കെട്ടി നടക്കലും,

ഏതു കൈപ്പുകഷായവും കഴി-
ച്ചേറെക്കാലം കിടക്കലും,

ചെയ്തിടാതെയില്ലെന്മനസ്സുഖം
കൊയ്തെടുപ്പതിനൊന്നുമേ.

**5**

എന്തു ചെയ്തിട്ടെന്ത,റ്റുപോയതി-
ല്ലെന്റെ ദേവതോപദ്രവം.

ഉള്ളതെല്ലാം മറന്നുകൊണ്ടു ഞാ-
നല്ലിലൊറ്റയ്ക്കുറങ്ങുമ്പോൾ,

ഭക്തിപൂർവ്വം പറകയാണെന്നിൽ
സക്തിയാളുമടിമകൾ.

''തമ്പുരാൻകുട്ടി - നമ്മുടെ ജന്മി-
ത്തമ്പുരാൻകുട്ടിയാണിവൻ.''

ഹന്ത, ഞെട്ടിക്കരഞ്ഞലറി ഞാ-
നന്ധമൂകമാം യാമത്തിൽ!

**6**

അമ്പലങ്ങളാമമ്പലങ്ങളി-
ലമ്പെച്ചെന്നു തൊഴുതൂ ഞാൻ.

നെയ്വിളക്കുകൾ വെച്ചൂ ഞാൻ;പണ-
പ്പായസങ്ങൾ കഴിച്ചു ഞാൻ.

നോമ്പുനോറ്റൂ; സഹസ്രനാമമുൾ-
ക്കാമ്പിലൂറിജ്ജപിച്ചൂ ഞാൻ.

ബ്രാഹ്മസന്ധ്യയ്ക്കുണർന്നെഴുന്നേറ്റു;
ബ്രാഹ്മണപൂജ ചെയ്തു ഞാൻ.

ഭാഗ്യസൂക്തമുരുക്കഴിച്ചു ഞാൻ;
ഭാഗവതം ശ്രവിച്ചു ഞാൻ.

ഭിക്ഷ നൽകി ഞാൻ യാചകർക്കൊക്കെ;
രക്ഷ ചെയ്തു പശുക്കളെ.

'ശുദ്ധവാസം കിടന്നു' ഞാൻ; പരി–
ശുദ്ധനായി നടന്നു ഞാൻ.

**7**

എന്തു ചെയ്തിട്ടെന്ത;റ്റുപോയതി–
ല്ലെന്റെ ദേവതോപദ്രവം.

ഉള്ളതെല്ലാം മറന്നുകൊണ്ടു ഞാ–
നല്ലിലൊറ്റയ്ക്കുറങ്ങുമ്പോൾ,

ഭക്തിപൂർവ്വം പറകയാണെന്നിൽ
സക്തിയാളുമടികൾ:

''തമ്പുരാൻകുട്ടി– നമ്മുടെ ജന്മി–
ത്തമ്പുരാൻകുട്ടിയാണിവൻ.''

ഹന്ത, ഞെട്ടിക്കരഞ്ഞലറി ഞാ–
നന്ധമൂകമാം യാമത്തിൽ!

**8**

കാവിവസ്ത്രമുടുത്തു ചെന്നു ഞാൻ
പാവനമാം പഴനിയിൽ.

കാളിമയെഴും കൂറയും ചുറ്റി–
ക്കാടുകേറി ശബരിയിൽ.

മുങ്ങിഞാൻ തിരുനാവയിൽ,പിന്നീ–
ടങ്ങകലെ പ്രയാഗയിൽ.

കാശിയിലുഴിഞ്ഞിട്ടു ഞാൻ തങ്ക–
ക്കാശുകൾ കൈക്കുടന്നയാൽ.

പിന്നെ രാമേശ്വരത്തു ചെന്നു ഞാൻ
പിണ്ഡം വെച്ചു മടങ്ങവേ,

പേരൂരും പോയ്ബ്ബലിക്രിയ ചെയ്തു,
പേരെഴും തിരുനെല്ലിയും.

**9**

എന്തുചെയ്തിട്ടെന്ത,റ്റുപോയതി–
ല്ലെന്റെ ദേവതോപദ്രവം.

ഉള്ളതെല്ലാം മറന്നുകൊണ്ടു ഞാ–
നല്ലിലൊറ്റയ്ക്കുറങ്ങുമ്പോൾ,

ഭക്തിപൂർവ്വം പറകയാണെന്നിൽ
സക്തിയാളുമടിമകൾ:

''തമ്പുരാൻകുട്ടി നമ്മുടെ ജന്മി–

ത്തമ്പുരാൻകുട്ടിയാണിവൻ.''

ഹന്ത, ഞെട്ടിക്കരഞ്ഞലറി ഞാ–
നന്ധമൂകമാം യാമത്തിൽ!

10

ഊറിനില്ക്കുന്നു ഞാനുണരവേ
നീരെൻ കണ്ണിന്റെ പോളയിൽ.

മന്ദിരാങ്കണത്തിങ്കലേയ്ക്കു ഞാൻ
മന്ദമന്ദം നടക്കവേ

പിച്ചകക്കാടിൻ കാതിലവ്യക്ത–
മുച്ചരിക്കുന്നിതാശുഗൻ:

''തമ്പുരാൻകുട്ടി നമ്മുടെ ജന്മി–
ത്തമ്പുരാൻ കുട്ടിയാണിവൻ.''

ദൂരെദൂരെനിന്നേറ്റു ചൊല്ലുന്നു
വാരിധിത്തിരച്ചുണ്ടുകൾ:

''തമ്പുരാൻകുട്ടി നമ്മുടെ ജന്മി–
ത്തമ്പുരാൻകുട്ടിയാണിവൻ.''

11

ഒച്ചകൂട്ടി പ്രതിധ്വനിപ്പിപ്പൂ
പശ്ചമിഘട്ടസാനുവും:

''തമ്പുരാൻകുട്ടി–നമ്മുടെ ജന്മി–
ത്തമ്പുരാൻകുട്ടിയാണിവൻ.''

മന്ദിരവു, മതിന്നകത്തുള്ള
ബന്ധുതയെഴും ലോകവും,

പിന്നിലാക്കിക്കുതിച്ചകന്നു ഞാൻ,
കുന്നുകേറി മറിഞ്ഞു ഞാൻ.

തീ വിഴുങ്ങി സ്മരണ നീങ്ങുന്നു
ജീവനിലൊരു സർപ്പമായ്;

ഹാ, വിഷം, വീശി ഫൂൽക്കരിയ്ക്കുന്നു
ഭാവനയിൽ ഫണോഗ്രനായ്!

കൊത്തുകൊണ്ടു പിടകയും ചെയ്വൂ
ഹൃത്തടത്തിൻ ഞരമ്പുകൾ!

എത്രവട്ടമുദിച്ചു പിന്നെയു–
മസ്തമിയ്ക്കേണ്ടും ഭാനുമാൻ;

എത്രവട്ടം പൊലിഞ്ഞു പിന്നെയും
കത്തിടേണ്ടും വാരമ്പിളി!

ഞാനലയുന്നു, ഞാനകലുന്നു;
ദൂനമാനസക്ഷീണിതൻ.

നാടുകളും നഗരവും താണ്ടി–

ക്കാടകം പുക്കിരിപ്പൂ ഞാൻ.

പന്തീരാണ്ടു തപസ്സുചെയ്‌വൂ ഞാൻ
ബന്ധുരാത്മപ്രശാന്തിയെ!

12

കാടുകെട്ടിപ്പടർന്നു നില്പായി
താടി; നീണ്ടു നഖങ്ങളും.

പുറ്റുയർന്നു വളർന്നുപോയെന്റെ
ചുറ്റിലും ഗുഹപോലവേ.

സർപ്പരാജികളെന്റെ കണ്ഠത്തിൽ
നിർഭയം വിഹരിയ്ക്കവേ;

പ്രാവുകളെൻ മുടിച്ചിടകളിൽ
രാവുറങ്ങി നിരന്തരം.

പന്തീരാണ്ടു തപസ്സുചെയ്തു ഞാൻ
ബന്ധുരാത്മപ്രശാന്തിയെ!

13

അക്ഷിഗോചരമായിതപ്പോളൊ–
രക്ഷയപ്രഭാമണ്ഡലം.

ഹാ, വിടരുന്നു ചക്രരൂപമാ–
യാ വിശുദ്ധപ്രഭാങ്കുരം.

മദ്ധ്യഭാഗത്തെ സ്വർണ്ണമഞ്ചത്തിൽ
പട്ടുമെത്ത വിരിച്ചതിൽ,

ചേണെഴുമിളംപുഞ്ചിരിതൂകി–
ക്കാണുമാറായി കണ്ണനെ;

തൊട്ടടുത്തുണ്ടിരുന്നരുളുന്നു
തുഷ്ടയാം സഖി രാധയും.

എന്നടുത്തവരാഗമിയ്ക്കവേ
ഖിന്നഭാവമകുന്നു മേ.

ഹൃഷ്ടനായെഴുന്നേറ്റു വീണുഞാൻ
യഷ്ടിപോലാപ്പദങ്ങളിൽ!

''ആരിതെ'', ന്നായി  രാധ ഓങ്കാര–
സാരമാം കണ്ണനോതിനാൻ:

''തമ്പുരാൻകുട്ടി  നമ്മുടെ ജന്മി–
ത്തമ്പുരാൻകുട്ടിയാണിവൻ.''

ചുറ്റുപാടും പിറുപിറുക്കുന്നു.
കുറ്റിക്കാടും വനങ്ങളും:

''തമ്പുരാൻകുട്ടി – നമ്മുടെ ജന്മി–
ത്തമ്പുരാൻകുട്ടിയാണിവൻ.''

ചെറ്റുറക്കെപ്പുലമ്പുകയായി

പുറ്റുമണ്ണും കിളികളും:

''തമ്പുരാൻകുട്ടി   നമ്മുടെ ജന്മി–
ത്തമ്പുരാൻകുട്ടിയാണിവൻ.''

കോടികോടിജന്മാന്തരങ്ങളിൽ,
കോടികോടിവിധങ്ങളിൽ,

പറ്റമായ്ഗ്ഗതികെട്ടലക്ഷ്യമായ്–
ച്ചുറ്റിടും കർമ്മരാജികൾ

പൊട്ടിച്ചീറിച്ചിരിച്ചു പല്ലിളി–
ച്ചട്ടഹാസം പൊഴിയ്ക്കയായ്:

''തമ്പുരാൻകുട്ടി നമ്മുടെ ജന്മി–
ത്തമ്പുരാൻകുട്ടിയാണിവൻ.''

ഞെട്ടിയൊന്നു തിരിഞ്ഞുനിന്നു ഞാൻ
പെട്ടെന്ന,പ്പോളങ്ങെങ്ങുമേ

കാറ്റിളകീ–നടുക്കിടും കൊടു–
ങ്കാറ്റിളകീ പൊടുന്നനെ.

അന്നു പൊട്ടിത്തെറിച്ചിതെൻ ചുണ്ടി–
ലഗ്നിപർവ്വതപംക്തികൾ:

''നില്ലവിടെച്ചിലച്ചിടാതെ, നി–
ന്നെല്ലിടിച്ചു പൊടിയ്ക്കും ഞാൻ.''

**14**

ശബ്ദമില്ലാതൊരു ഞൊടിനിന്നി–
തബ്ദചക്രവും ലോകവും.

ഇത്തിരിശ്ശയായെന്മിഴികളിൽ–
ത്തത്തി കണ്ണുനീർത്തുള്ളികൾ;

താടിമീശവഴിയ്ക്കവ പിന്നെ–
ത്താഴെ വീണൂ കുടുകുടെ!

# ആശാരിക്കുട്ടികൾ

പകലിൻ ചെമ്മുന്തിരിച്ചഷകം ചുണ്ടോടൊട്ടി–
ച്ചകലെത്തലതല്ലിസ്സമുദ്രം നൃത്തം വെയ്പൂ;

ഇടവിട്ട,തോരോരോ നെടുവീർപ്പിടുംനേര–
മിളകിക്കളിയ്ക്കുന്നൂ മാമരനികരങ്ങൾ;

മാദകമാമക്കാറ്റിൻ മാധുരി താണീടുന്നൂ
മാംസത്തിൻ മാംസംവരെ, ക്കരളിൻ കരൾവരെ.

ആകവേ കോരിത്തരിച്ചെ,ന്മുടിത്തുമ്പോരോന്നു–
മാടവേ പൊടിമണ്ണി ലിരിപ്പാണേകാകി ഞാൻ.

**2**

എങ്കിലും, ചാരത്തിതാ പൂഴിയിലാറാടുന്നു
'ചങ്കരനാശാരി'തൻ കൽക്കരിക്കുമാരന്മാർ.

അവർതന്നാഹ്ലാദങ്ങളാകാശതലത്തിങ്ക-
ലലമാലയായ്പ്പൊങ്ങിപ്പൊങ്ങി നേർത്തകലുന്നൂ.

ഒന്നിനൊരേഴാണ്ടായീ, മറ്റേതിനഞ്ചാണ്ടായീ,
പിന്നെയാച്ചിരിയ്ക്കുന്ന ചെക്കനോ മൂന്നാണ്ടായീ.

എന്തൊരു ചിരി! കീരിപ്പല്ലുകളാണല്ലല്ലീ!
ചന്തമാണാ വെണ്മുത്താകൽക്കരിയ്ക്കാകെപ്പാടെ!

**3**

ഞാനതു സംവീക്ഷിയ്ക്കെ നിമിഷങ്ങളിൽത്തട്ടി-
വീണുടയുന്നൂ ദൂരെക്കടലിൻ മധുപാത്രം;

ആയതിൻ ശകലംപോലമ്പിളി വിഹായസ്സിൻ
കോണിലങ്ങിനെ വീണുകിടപ്പൂ നിറംമങ്ങി.

ചീറുമത്തണുപ്പണിക്കാറ്റിലൂടരിച്ചെത്തി-
ക്കേറുന്നൂ സിരകളിൽച്ചൂടെഴും നിഴലുകൾ

അന്ധകാരത്തിൻ നേർത്ത തലനാരിഴകളാ-
ച്ചങ്കരനാശാരിതൻ മക്കളെച്ചുഴലുന്നൂ.

**4**

ഞാനെഴുന്നേൽപ്പൂ പദം പദമായ് നീങ്ങിച്ചെന്നു
കാണുന്നൂ കുനിഞ്ഞുനിന്നമ്പാലലീലോല്ലാസം;

നൂറുനൂറഭിനവശിൽപ്പഭാവന വന്നു-
കേറുകയാണപ്പിഞ്ചു കവിളത്തെല്ലാമല്ലീ?

ആയിരമത്യുന്നതസൗധപംക്തികൾ മിന്നി-
മായുകയാണാ നേത്രപടലങ്ങളിലല്ലീ?

ഉത്ഭവിയ്ക്കയാണല്ലി കൈവിരലറ്റങ്ങളി-
ലുജ്ജ്വലോന്മേഷോദാരസുന്ദരസ്വർല്ലോകങ്ങൾ!

5

ഞാനവരോടന്നേരമീ വിധമന്വേഷിപ്പൂ
താണ ശബ്ദത്തിൽ, ''തന്തവന്നില്ലേ കറുത്തിട്ടും?''

''വെളുക്കും മുമ്പേ പോയീ പണിയ്ക്കെ,'' ന്നൊരുചെക്കൻ;
''വിളക്കുവെച്ചൂ, വന്നില്ലച്ച,''നെന്നൊരുചെക്കൻ;

''ഇപ്പൊഴങ്ങിനെ വരുന്നുണ്ടാവും കടലയ്ക്ക
തൊക്കടെവെച്ചിട്ടെ,'ന്നീച്ചിരിയ്ക്കും കുഞ്ഞിച്ചെക്കൻ.

എന്തൊരു ചിരി! കീരിപ്പല്ലുകളയ്യാ! നല്ല
ചന്തമാണീ വെണ്മുത്തിക്കൽക്കരിയ്ക്കാകെപ്പാടെ!

**6**

എന്മുഖം കുനിയുന്നൂ,നീളുന്നൂ കരം, വാരി-
യുമ്മവെയ്ക്കുന്നൂ ഞാനീപ്പുഞ്ജിതനൈർമ്മല്യത്തെ!

മധുരമാണീ മെയ്ച്ചൂടി,ദ്ദിവ്യനിർവ്വാണത്തിൻ
മദമെൻ കൺപോളയെച്ചുംബിച്ചു തളർത്തുന്നൂ;

മുടിതൊട്ടടിവരെപ്പുളകം പുളയ്ക്കുന്നു;
ചടുലാനിലനെന്നെ മാത്രയാലലിയിപ്പൂ;

വിടരുമെൻ നേത്രത്തിൻ തുമ്പത്തോ കിനാവിന്റെ
വിമലസ്വർഗ്ഗം വിരിയിയ്ക്കയും ചെയ്വൂ ചന്ദ്രൻ.

''തമ്പുരാനല്ലേ?'' വന്നൂ ചങ്കരൻ; അയ്യോ പെട്ടെ–
ന്നെൻ പിടിയുലർന്നതാ വീഴ്കയായ്ച്ചെക്കൻ മണ്ണിൽ!

കേറുന്നൂ, പുളയുന്നൂ, മത്സിരാകൂടത്തിങ്കൽ–
നീറിടുമിടിവാളോ ചീറിടും ഫണികളോ!

ദിക്കുകളെന്നെച്ചൂണ്ടിക്കറുത്തു ഗർജ്ജിയ്ക്കുന്നോ
പക്ഷികളെന്നെച്ചൂണ്ടിച്ചിലച്ചു ചലിയ്ക്കുന്നോ

ആലിലപോലെ കിടന്നാടവേ, വേർപ്പിൽ മുങ്ങി–
ക്കാലടി കുഴഞ്ഞിതാ വീണുപോം ഞാനീ മണ്ണിൽ!

**7**

മങ്ങുമെൻ മിഴികളിലെന്മഹാഗൃഹം പക്ഷേ,
പൊങ്ങുന്നൂ തെളിയുന്നൂ നടുങ്ങുന്നു ഞാൻ ദീനൻ!

ആ മണിമേടയ്ക്കുള്ളിൽ ക്കസവിൽക്കുളിച്ചിട്ടെ–
ന്നോമന വിളങ്ങുന്നൂ നടുങ്ങുന്നു ഞാൻ ദീനൻ!

അവളെൻ തനയനെയുമ്മവെയ്ക്കവേ തങ്ക–
ത്തളകൾ കലമ്പുന്നൂ നടുങ്ങുന്നു ഞാൻ ദീനൻ!

ആലിലപോലെ കിടന്നാടവേ, വേർപ്പിൽ മുങ്ങി–
ക്കാലടി കുഴഞ്ഞിതാ വീഴുകയായെൻ ദേഹം.

# പഞ്ചവർണ്ണക്കിളികൾ

(സുപ്രസിദ്ധ കവി ശ്രീ. വെണ്ണിക്കുളത്തിന്റെ 'പച്ചക്കിളികൾ' എന്ന കവിത വായിച്ചപ്പോഴാണ് ഇതെഴുതാനുള്ള പ്രചോദനം കിട്ടിയത്.)

കണ്ണീർത്തുള്ളി ചൊരിഞ്ഞിഴയുന്നൂ
കർക്കിടകത്തിലെ ദിവസങ്ങൾ;

കാളിമ മൂടിക്കെട്ടിയ കോട–
ക്കാറാ വിണ്ണിലുമതുപോലെ.

അരുണനുദിച്ചിട്ടാകാശങ്ങളി–
ലൊരു നീലാഭ പരക്കുമ്പോൾ,

കുനുകുനെ വീണുലയുന്നൂ വരയും
കുറിയും ചാർത്തിയ വയലാകെ;

ഊതനിറത്തിൽ,പാച്ചനിറത്തി,ല–
തൂടുംപാവും തെളിയിപ്പൂ!

നിറയുന്നുണ്ടാപ്പൂവാടകളുടെ
ഞെറികളിലെൻ പ്രിയസമ്പാദ്യം–

മാണിക്യക്കുല, മധുരിമ വഴിയും
മാണിക്യക്കുല കണ്ടില്ലേ?

അതു കണ്ടാർദ്രത പെരുകും തടിനിക–
ളതുലശ്രുതികളെ മീട്ടുമ്പോൾ,

വെള്ളില വിരിവൂ തൊടിതന്നിതയിൽ
ത്തുള്ളും നീലച്ചില്ലകളിൽ.

എരുതും മണിയനുമിതയുടെ താഴെ–
ക്കറുകക്കൂമ്പു കൊറിക്കുമ്പോൾ,

താട ചൊറിഞ്ഞൂകൊടുക്കും ഞാനാ
പ്പാടം വിരികൺപാർക്കുമ്പോൾ,

അതു കണ്ടെന്നുടെ പെണ്ണിനു കണ്ണിൽ–
പ്പുതുനെല്ലിപ്പൂവിളകുമ്പോൾ,

തുമ്പപ്പൂവുകളവളുടെ ചുണ്ടിൽ–
ത്തുന്ദിലകാന്തി പൊഴിയ്ക്കുന്നു;

കവിളത്തോണപ്പൂക്കളുതിർപ്പൂ
നവകാമനയുടെ നാളങ്ങൾ.

അവളുടെ ചിന്നിയ ചികുരംമാതിരി
പവനോച്ചാലിതഘനഭാരം

മന്ദമനോഹരഹാസംപോലണി–
മഴവിൽക്കതിരും വിതറുന്നു.

ഝഝഝ

കൊഞ്ചലുതിർത്തൂ വിൺചെരുവിങ്കൽ
പ്പഞ്ചനിറക്കിളിനിരയപ്പോൾ

പാറിപ്പാറിക്കുനിയുകയായീ
പാടിക്കൊണ്ടവ മികവോടെ.

തൂവലിളക്കിക്കൊക്കും നീട്ടി–
ത്തൂനെൽക്കുലയെ മുറിയ്ക്കുമ്പോൾ

തീനാമ്പുള്ളിൽപ്പടരുകയാലേ
ഞാനൊന്നലറീ, ''ഹോഹോയീ''..

തത്തകളപ്പോൾപ്പേടിച്ചോടീ;
കുത്തിയിരുന്നൂ പേരാലിൽ.

നറുനിണമണിയിൽക്കൊത്തുകയാലൊ–
ട്ടരുണിമ പൂശിയ ചഞ്ചുക്കൾ

എന്നുടെ നേരെച്ചൂണ്ടിയുറക്കനെ
നിന്നു ചിലച്ചാരവ പിന്നെ,

''ദൈവം നൽകിയ ഭൂമിയെ മർത്ത്യൻ
കൈവശമാക്കീ: കണ്ടില്ലേ?

ദൈവികമാമീ വിളവും മനുജൻ
കൈവശമാക്കീ: കണ്ടില്ലേ?

തത്തകൾ നെൽക്കുല കൊത്തരുതത്രേ;
മർത്ത്യനിതിന്നെന്തവകാശം?

എന്തൊരു ഭീകരപരപുച്ഛം നര–
നെ,ന്തൊരഹംഭാവാവേശം?

രാവി മിനുക്കുക കൊക്കുകളൊക്കെ;
പ്പോവുക   ഭടരേ, തത്തകളേ,

അഭിമാനികളുടെ പടഹമടിയ്ക്കാ–
നവകാശങ്ങളെ നേടാനും.

പാടുക,പാടുക, ധീരന്മാരേ,
പാവനസൈനികസംഗീതം;

'കൊത്തിയെടുക്കും തത്തകളിന്നീ
മർത്ത്യമനസ്സിലെ വിഷബീജം!''

ഊഊഊ

പേരാലിന്റെ ചലിയ്ക്കും ശാഖയി–
ലൂറിയ ഗീതി പരന്നപ്പോൾ,

മണിയനുമെരുതും നീട്ടിയ നോട്ടം
മാനത്തങ്ങിനെ നിലകൊണ്ടൂ.

കാന്തയെനിയ്ക്കൊരു പുഞ്ചിരി നൽകീ,
കാണായതിലതിപരിഹാസം!

ഞാനോ കണ്ണിമവെട്ടാതങ്ങിനെ
കാണുകയാണാ വിളഭൂമി:

നാഡിതളർത്തും കഥകളൊരത്ഭുത–
റേഡിയകിരണാവലിപോലെ,

അഹ, യുഗഭിത്തി തുളച്ചെന്നോർമ്മയിൽ
വിഹരിയ്ക്കുന്നൂ നിശിതങ്ങൾ!...

കരിമല്ലന്മാ,രതികായന്മാർ,
മരവുരി തറ്റ പഴഞ്ചന്മാർ,

പേശിവിരിഞ്ഞ കഴുത്തിൽക്കന്മഴു
പേറിനടന്ന വിരിഞ്ചന്മാർ,

വെറ്റിവരിച്ചാരവരീഢരണിയെ
വെട്ടിയടക്കലിലുശിരന്മാർ!

അവരാഹാ പുളകോൽഗമകാരിക–
ളവനിയെ മരതകനിറമാക്കി!

കണ്ടകരാശികളവരുടെ ചെന്നിണ–
മുണ്ടധരങ്ങൾ തുടുപ്പിയ്ക്കെ,

അഭിനവമാമത്തെച്ചിമലർത്തൊ–
ത്തവനിയെ മഞ്ജിമയണിയിയ്ക്കെ,

ഞൊടിയാൽക്കന്മഴുവെട്ടിയകറ്റി
വിടപാവലിയുടെ ഗർത്തങ്ങൾ;

പാറമുനമ്പുകളവർതന്നസ്ഥിയി–
ലൂറും മജ്ജ കുടിയ്ക്കുമ്പോൾ,

അഭിനവമാമക്കൊന്നപ്പൂന്തോ–
പ്പവിടം മോഹനമാക്കുമ്പോൾ,

ഞൊടിയാൽക്കന്മഴു കൊത്തിനുറുക്കീ
കൊടുമുടിചൂടിടുമചലങ്ങൾ.

പ്രപിതാമഹരവരിളയുടെ നെഞ്ചിൽ
പ്രത്യാക്രമണമുതിർത്തപ്പോൾ,

രടിതം കേട്ടു നടുങ്ങിപ്പോയീ
രജനികൾ, സന്ധ്യകൾ, ദിവസങ്ങൾ.

വാശിപിടിച്ച ഭയാനകസമരം
വീശിയ വാത്യയിൽ നിലകൊണ്ടൂ,

ആശങ്കാകുലദൃഷ്ടികളോട–
ന്നാശകളുള്ളിൽപ്പനിയോടെ.

ആരുണ്ടായന്നവരുടെകൂടെ–
ക്കൂറൊടിറങ്ങിപ്പടവെട്ടാൻ,

കാളക്കുട്ടന്മാരുടെ തന്ത–
ക്കാരണവന്മാരല്ലാതെ?

ൟൟൟ

നാഡി തളർത്തും കഥകളൊരുജ്ജ്വല–
റേഡിയകിരണാവലിപോലെ,

ഇരവുകളിട്ട തിരശ്ശീലകൾത–
ന്നിഴകളകറ്റി പ്രവഹിപ്പൂ!...

കൃതധർമ്മന്മാരവരുണ്ടാക്കീ
കൃഷി ചെയ്യാനിക്കേദാരം.

മേനികലക്കിപ്പൂട്ടിമറിച്ചൂ
വേനലിലിതു ഞാൻ നട്ടെല്ലാൽ;

കാറുപിടിക്കും വാനിനെ നോക്കി–
ക്കാത്തു, മയങ്ങാതുണ്ണാതെ.

ഒടുവാദ്യോവിൻ കരളുരുകുമ്പോൾ
സ്ഫടികമനോഹരശരവർഷം!

പുളകംകൊണ്ടൂ മണിയനുമെരുതും
പുതുമണ്ണിന്റെ മണത്താലേ;

കുളിരുണ്ടായെൻ മേനിയിലാകെ;
കുതിരുകയല്ലോ കേദാരം!

ശുക്രനുതിർക്കും കതിരേറ്റുണരും
കുക്കുടമകലെക്കൂവുമ്പോൾ,

പ്രാചി ഹിരണ്മയരോചിർമ്മണ്ഡല–
വീചി പകർന്നു വിളങ്ങുമ്പോൾ,

മണിയനുമെരുതും ഞാനുംകൂടി–
പ്പണിയാനെത്തീ കണ്ടത്തിൽ;

കീറീ ചാലുക,ളുതിരത്തുള്ളികൾ
വാരിവിതച്ചൂ നെടുനീളെ.

വളവും ചേർത്തൂ കെട്ടിയ പെണ്ണാ
വളരൊളിമേനിവിയർപ്പാലെ

ൗൗൗ

നാഡി തളർത്തും കഥകളൊരത്ഭുത–
റേഡിയകിരണാവലിപോലെ,

ഞൊടികളുതിർത്ത പുകച്ചുരുളണിത–
ന്നിടയിലുറന്നു പരക്കുന്നു!.....

ഞങ്ങടെ ചാളയിൽ വീർപ്പുവിടുന്നവ–
രിങ്ങിനെയെല്ലാം നരകിയ്ക്കെ,

കാലച്ചെടിയുടെ പോളകളിൽ ക്കൊതി
ലോലദലാവലി വിരിയിയ്ക്കെ

തത്തകളെല്ലാമെവിടെപ്പോയി–
ക്കുത്തിമറിഞ്ഞെന്നറിയാമോ?...

അക്ഷയസുമധുരസുധയുടെ കണികകൾ
നക്ഷത്രങ്ങളിലൂറുമ്പോൾ,

കൽപ്പകശാഖിയിലുഡുനിരയങ്ങിനെ
പുഷ്പിതമായിത്തീരുമ്പോൾ,

സ്വപ്നസമുജ്ജ്വലലോകത്തിൽ,പ്പുതു–
കൽപ്പനപടരും നാകത്തിൽ

പഞ്ചമനോഹരവർണ്ണാഞ്ചലമൊളി–
തഞ്ചിമിനുങ്ങിയ ചിറകോടെ,

പരിഹാസത്തൊടെ നർത്തനമാടീ
ചിറകുണ്ടെന്ന മദത്തോടെ.

എന്നിട്ടിന്നു വരുന്നൂ തത്തകൾ
തിന്നുമുടിയ്ക്കാറായപ്പോൾ

ഞങ്ങടെ രക്തത്തുള്ളികളഖിലം
തിന്നുമുടിയ്ക്കാറായപ്പോൾ!.....

കുത്തിയിരുന്നു ചിലച്ചീടുന്നൂ,
''മർത്യനിതിന്നെന്തവകാശം?''..

''കൊത്തിയെടുക്കാൻ'' വെമ്പീടുന്നു
''മർത്യമനസ്സിലെ വിഷബീജം.''

കൊത്തണമെങ്കിൽ,കൊത്തുക,കൊത്തുക
മുത്തൻകരിയുടെ നാത്തുമ്പിൽ;

കൊത്തണമെങ്കിൽ,കൊത്തുക, കൊത്തുക
കൊട്ടത്ളാത്തിൻ മുതുകെല്ലിൽ;

കൊത്തണമെങ്കിൽ,കൊത്തുക, കൊത്തുക,
കൊയ്ത്തരിവാളിൻ ഹൃദയത്തിൽ...

അങ്ങിനെ നിങ്ങടെ കൊക്കുകളെല്ലാ-
മൊന്നുംകൂടി നിറന്നെങ്കിൽ!..

അങ്ങിനെ നിങ്ങടെ വയറുകളെല്ലാ-
മൊന്നുംകൂടി നിറഞ്ഞെങ്കിൽ!...

അങ്ങിനെ നിങ്ങടെ വർണ്ണച്ചിറകുക-
ളൊന്നുംകൂടി വിടർന്നെങ്കിൽ........